മെട്രോ വാർത്ത
25 August 2017

# ഭക്ഷ്യസുരക്ഷാ നിയമം വന്നിട്ടും റേഷൻ വിതരണത്തിൽ മാറ്റമില്ല: കെ.വി. തോമസ്

കൊച്ചി: ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കിയിട്ടും റേഷൻ വിതരണത്തിൽ ഗുണപരമായ മാറ്റംവരാത്ത സംസ്ഥാനം കേരളമാണെന്ന് പ്രഫ. കെ.വി. തോമസ് എംപി.

അഞ്ച് കൊല്ലത്തിനിടെ രാജ്യത്തെ കർഷകരുടെ വരുമാനം ഇരട്ടിയാക്കാനുള്ള പദ്ധതിയുടെ വിശദീകരണവും പ്രതിജ്ഞയും ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്ത് ഫലപ്രദമായ ഭക്ഷ്യസുരക്ഷാ സംവിധാനമുണ്ടായിട്ടില്ല. വളരെയധികം നഷ്ടം സഹിച്ചാണ് സബ്സിഡി നിരക്കിൽ റേഷൻ ഭക്ഷ്യോൽപ്പന്നങ്ങൾ നൽകുന്നത്. ഇതിൽ 60 ശതമാനവും മറിച്ച് വിൽക്കുകയാണ്.

ബാങ്കുകളുടെ കിട്ടാക്കടം ഏഴു ലക്ഷം കോടി രൂപയാണ്. അതിൽ 63,000 കോടി മാത്രമാണ് കാർഷിക മേഖലയിലെ കടം. ബാക്കി വിജയ് മല്ല്യയെ പോലെയുള്ള വൻ വ്യവസായികളുടേതാണ്.

ബാങ്ക് വായ്പ കിട്ടണമെങ്കിൽ കർഷകന് അവന്റെ വീടും ഭൂമിയും എഴുതി നൽകേണ്ട സ്ഥിതിയാണ്. വൻകിട വ്യവസായികൾക്ക് ഇതൊന്നും ബാധകമല്ല.

ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ ഭക്ഷ്യസുരക്ഷയിൽ രാജ്യത്തിന്റെ അവസ്ഥയും ഇന്നത്തെ സ്വയംപര്യാപ്തതയും താരതമ്യപഠനം നടത്തുന്നത് ഗുണകരമായിരിക്കും.

പുതിയ തലമുറയ്ക്ക് ആ വളർച്ചയുടെ മഹത്വം അറിയാൻ സാധിക്കുന്നില്ലെന്ന് എംപി പറഞ്ഞു. നവഭാരത പ്രതിജ്ഞയ്ക്ക് അദ്ദേഹം നേതൃത്വം നൽകി.

എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിച്ച പരിപാടിയിൽ ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) അസിസ്റ്റന്റ് ഡയറക്റ്റർ ജനറൽ ഡോ. പ്രവീൺ പുത്ര കർമ പദ്ധതിയുടെ പ്രഖ്യാപനവും വിശദീകരണവും നിർവഹിച്ചു.

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപന ഡയറക്റ്റർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കെവികെ മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യൻ, ഡോ എൻ. അശ്വതി എന്നിവർ സംസാരിച്ചു.